**കവിത** **ദയ പച്ചാളം**
മൊ : 9446069550

# ഉറക്കത്തിലേക്കുള്ള മരണങ്ങൾ

ബഹുമാന്യമേലധികാരി,
ഇന്നലെ,
ഞാൻ മരിച്ചുപോയതിനാൽ
ആപ്പീസിൽ ഹാജരാകുവാൻ
സാധിച്ചില്ല
വിശ്വസ്തതയോടെ,
വിധേയൻ
ഒപ്പ്.

(2)

ഇരുൾരാവ്, മരിക്കാനും
വെൺപകൽ, ജീവിക്കാനുമായിരുന്നു.
കിട്ടി
*തീവെള്ളവും മുഖംമൂടിയും
ഇനിപകലിൽ മരിക്കാം.
ഊരാതെ മുഖംമൂടി
ഊരാകെ 'മുഖം'കൂടി!

(3)

പഴിപറയാൻ മരണത്തിനെന്തവകാശം ?
പുലരൊളിതൂകുംവരെ
മിണ്ടിപ്പോകരുത് !

(4)

മരണം ജനിക്കുന്നു
മന-
മതിൽനിന്നും

(5)

മരണം ജയിക്കുന്നു
മനുഷ്യൻ തോൽക്കുന്നു.

(6)

ഒരിക്കൽ മരിച്ചതാണ്
ഇനിവയ്യ.

*******

**സൽഫ്യൂറിക് ആസിഡ്*